ചിറ്റൂർ എസ്. ദാസ്

# അന്നദാതാവ്

ഇരുപത് വർഷമായി കൊല്ലങ്കോട് പഴയങ്ങാടി പനയം പറമ്പത്ത് വീട്ടിൽ ചന്ദ്രൻെറ ജീവിതത്തിന് തണലേകുന്നത് മുച്ചക്ര സൈക്കിളാണ്. അൻപത്തിമൂന്നാം വയസ്സിലും ചന്ദ്രൻെറ നാലംഗ കുടുംബത്തിന് അന്നം നൽകുന്നത് ഈ സൈക്കിൾ തന്നെ.

നാട്ടിൽ ചന്ദ്രൻെറ സൈക്കിളിനെക്കുറിച്ച് അറിയാത്തവർ വിരളം. കാലം മാറിയെങ്കിലും ചന്ദ്രൻെറ സൈക്കിളിൻെറ ജീവിത ചക്രങ്ങൾ ഇപ്പോഴും ഉരുണ്ടുകൊണ്ടിരിക്കുന്നു. ഒരു കാലത്ത് നാടിൻെറ പ്രിയ വാഹനമായിരുന്നു സൈക്കിൾ. മോട്ടോർ ബൈക്കുകൾ വിപണി കീഴടക്കിയതോടെ ജനം സൈക്കിളുകളെ കൈവിട്ടു. കാലം മാറിയതറിഞ്ഞിട്ടും അന്നദാതാവിനെ ചന്ദ്രൻ കൈവിട്ടിട്ടില്ല.

അഞ്ചാം ക്ലാസ് വരെ പഠിച്ച ചന്ദ്രൻ ചെയ്യാത്ത പണികളില്ല. റീ സർവേ വകുപ്പിൽ പത്ത് വർഷത്തോളം ചെയിൻമാനായി ജോലി നോക്കി. ജീവിക്കാൻ അത് മതിയാവാതെ വന്നപ്പോൾ ചന്ദ്രൻ ആ ജോലി വിട്ടു. പിന്നീട് കൊല്ലങ്കോട് പഴയങ്ങാടിയിൽ ചുമട്ടു തൊഴിലാളിയായി ജീവിച്ചു. വരുമാനം തികയാതെ വന്നപ്പോഴാണ് സൈക്കിൾ ചന്ദ്രൻെറ ജീവിതത്തിലേക്ക് കടന്നു വന്നത്. 1980 ലായിരുന്നു അത്. സൈക്കിളിൽ സിമൻറും കമ്പികളുമൊക്കെ നിറച്ച് ആളുകളുടെ വീട്ടിലെത്തിച്ചു കൊടുത്തു. പിന്നീടാണ് മുച്ചക്ര സൈക്കിൾ ആലോചനയിലെത്തിയത്. ഇത്തരം സൈക്കിളുകൾ കോയമ്പത്തൂരിലെ ഒരു കടയിൽ മാത്രമാണ് വിറ്റിരുന്നത്. ചില സുഹൃത്തുക്കളുടെ സഹായവും ബാങ്ക് വായ്പയുമായി 2500 രൂപയുണ്ടാക്കി. കോയമ്പത്തൂരിൽ ചെന്ന് മുച്ചക്ര സൈക്കിൾ സ്വന്തമാക്കി.



നെൻമാറയിലെ ഒരു ഗ്യാസ് ഏജൻസിയിൽ നിന്ന് ഗ്യാസ് സിലിണ്ടറുകളെടുത്ത് കൊല്ലംകോട്ടുള്ള ഉപഭോക്താക്കൾക്ക് എത്തിച്ചുകൊടുക്കുന്ന ജോലിയാണ് ആദ്യം ചെയ്തത്. സ്വന്തം സൈക്കിളിൽ എട്ട് സിലിണ്ടറുകൾ കയറ്റി കിലോമീറ്ററുകൾ താണ്ടി. പിന്നീട് കൊല്ലംകോട് പുതിയ ഗ്യാസ് ഏജൻസി തുടങ്ങിയതോടെ ഇവിടെ നിന്ന് ഗ്യാസ് സിലിണ്ടറുകൾ എത്തിക്കാൻ തുടങ്ങി. ദിവസം 30 രൂപയോളം കൂലിയായി ലഭിച്ചു. എന്നിട്ടും ജീവിതം ദുരിതമയമായതോടെ അത് ഉപേക്ഷിച്ചു. പിന്നീട് സിമൻറ്, കമ്പി, ചെയർ, കേബിൾ, പാത്രങ്ങൾ, ഗ്രൈൻറർ എന്നിവയൊക്കെ ആവശ്യക്കാർക്ക് എത്തിച്ചുകൊടുക്കാൻ തുടങ്ങി. വിവാഹ വീടുകളിലേക്ക് ആവശ്യമായ സാധനങ്ങൾ വീടുപണിക്കാവശ്യമായ വസ്തുക്കൾ... അങ്ങനെയങ്ങനെ. അക്കാലത്ത് ചില ദിവസങ്ങളിൽ 100 രൂപയോളം കൂലി ലഭിച്ചു. ചിലപ്പോൾ ഒന്നും കിട്ടിയില്ല.

ഇത്രകാലമായിട്ടും സ്വന്തമായൊന്നും സമ്പാദിക്കാൻ കഴിഞ്ഞില്ല. എങ്കിലും നാലുവയറുകൾ പട്ടിണി കൂടാതെ കഴിഞ്ഞു പോരുന്നു. 95 കാരിയായ അമ്മ ചെല്ലമ്മ, ഭാര്യ സരോജിനി, മകൾ ഷീജ എന്നിവരാണ് മൂന്നു സെൻറ് പുരയിടത്തിൽ ചന്ദ്രനൊപ്പം കഴിയുന്നത്. ജീവിതവഴികളിൽ ദുരിതം നിറഞ്ഞിട്ടും ചന്ദ്രൻ കൊല്ലംകോടിൻെറ ഗ്രാമീണവഴികളിലൂടെ തൻെറ മുചക്രസൈക്കിൾ ഉരുട്ടികൊണ്ടിരിക്കുന്നു... ●